"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ച്ഡ് - ഒക്കുപേഷണൽ തെറാപ്പിസ്റ്റ് ശ്രീ.അജിത്ത് കെ.ആർ-ന്റെ കരാർ കാലാവധി പുതുക്കി നൽകുന്നതിന് എസ്.ഐ.എം.സി ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

സ.ഉ.(സാധാ) നം.9955/2025/GEDN തീയതി,തിരുവനന്തപുരം, 29-11-2025

---

പരാമർശം:- 1. 17.08.2024 ലെ സ.ഉ (സാധാ) നം.5104/2024/പൊ.വി.വ.

2. എസ്.ഐ.എം.സി രജിസ്ട്രാറുടെ 21.05.2025 തീയതിയിലെ 26/എ2/2020/എസ്.ഐ.എം.സി നമ്പർ കത്ത്.

**ഉത്തരവ്**

സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി) സ്ഥാപനത്തിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റ് തസ്തികയിൽ 06.06.2015 മുതൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീ. അജിത്ത് കെ.ആർ-ന് പരാമർശം (1) പ്രകാരം പുതുക്കി നൽകിയ കരാർ കാലാവധി 17.05.2025-ന് പൂർത്തിയാകുന്നതിനാൽ 18.06.2025-ന് ഒരു ദിവസത്തെ ബ്രേക്ക് നൽകി 19.06.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ടിയാന്റെ കരാർ പുതുക്കി നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) രജിസ്ട്രാർ പ്രകാരം എസ്.ഐ.എം.സി ആവശ്യപ്പെടുകയുണ്ടായി. കുട്ടികളുടെ ശാരീരിക പരിമിതി മറികടക്കേണ്ടതിന് തെറാപ്പി സേവനങ്ങൾ കൃത്യമായി നിരീക്ഷിച്ച് പുരോഗതി വിലയിരുത്തേണ്ടത് അത്യാവശ്യമാണെന്നും റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ സ്ഥാപനത്തിൽ നടന്നു വരുന്ന ടീച്ചേഴ്സ് ട്രെയിനിംഗ് ഡിപ്ലോമ കോഴ്സുകളിലെ ക്ലാസ്സുകൾക്കും, ഏർളി ഇന്റർവെൻഷൻ യൂണിറ്റ് എന്നീ വിഭാഗങ്ങളിലേയ്ക്കും ഒക്കുപേഷണൽ തെറാപ്പിസ്റ്റിന്റെ സേവനം അത്യന്താപേക്ഷിതമാണെന്നും മാനസിക വെല്ലുവിളി നേരിടുന്ന ഈ കുട്ടികളുമായി വളരെ അടുത്ത് ഇടപെടുന്നതിനാൽ ഒരോ വർഷം കൂടുമ്പോൾ ജീവനക്കാരെ മാറ്റി നിയമിക്കുന്നത് ഈ വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നും ആയതിനാൽ യോഗ്യതയും പരിചയസമ്പത്തുമുള്ള ശ്രീ.അജിത് കെ.ആർ-ന്റെ സേവനം അനിവാര്യമാണെന്നും അറിയിച്ചിട്ടുണ്ട്. 19.04.2025 തീയതിയിലെ സ.ഉ.(പി) 54/2025/ധന ഉത്തരവിലെ കാറ്റഗറി VIII-ലാണ് ഒക്കുപേഷണൽ തെറാപ്പിസ്റ്റ് തസ്തിക ഉൾപ്പെട്ടിട്ടുള്ളതെന്നും അതനുസരിച്ചാണ് ശ്രീ. അജിത് കെ.ആർ-ന് വേതനം നൽകി വരുന്നതെന്നും ഇതിലേക്കാവശ്യമായ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തിൽ 2235-02-102-93-31 (പി) ജനറൽ സാലറി ശീർഷകത്തിൽ 3.88 കോടി രൂപയിൽ നിന്നും വഹിക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എസ്.ഐ.എം.സി. സ്ഥാപനത്തിലെ ഒക്കുപേഷണൽ തെറാപ്പിസ്റ്റ് തസ്തികയിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീ.അജിത്ത് കെ.ആർ-ന്റെ പരിചയസമ്പത്തും തൃപ്തികരമായ സേവനവും കണക്കിലെടുത്ത് ടിയാന്റെ യോഗ്യതയുടെ ആധികാരികത ഉറപ്പു വരുത്തി 18.06.2025-ന് ഒരു ദിവസത്തെ ബ്രേക്ക് നൽകി 19.06.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി കരാർ പുതുക്കി നൽകുന്നതിന് എസ്.ഐ.എം.സി. ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ദിവസവേതന/കരാർ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 26.02.2016 ലെ സ.ഉ.(പി) നം.28/2016/ധന, 28.04.2017 ലെ സ.ഉ.(പി) നം.56/2017/ധന, 21.07.2018 ലെ സ.ഉ.(പി) നം.112/2018/ധന, 09.07.2019 ലെ സ.ഉ(പി) നം.81/2019/ധന, 11.02.2021ലെ സ.ഉ.(പി) നം.29/2021/ധന, 19.04.2025-ലെ സ.ഉ.(പി) നം.54/2025/ധന എന്നീ ഉത്തരവുകളിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.
ii. കരാർ വ്യവസ്ഥയിൽ നിയമിതനാകുന്ന ജീവനക്കാരൻ സ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശ വാദം ഉന്നയിക്കാൻ പാടില്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.
iii. വേതനം നൽകുന്നതുമായി ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ വേതനം അനുവദിക്കുന്നതിനുള്ള തുക പര്യാപ്തമാണെന്ന് സ്ഥാപന മേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം.
ശ്രീ. അജിത്ത് കെ.ആർ, ഒക്കുപേഷണൽ തെറാപ്പിസ്റ്റ് (എസ്.ഐ.എം.സി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [E:1503468/EDN-B3/75/2020-FIN തീയതി 17.11.2025 പ്രകാരം]
നോഡൽ ഓഫീസർ, കൈറ്റ്, കേരള, തിരുവനന്തപുരം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Somaraj K G
സെക്ഷൻ ഓഫീസർ
Date: 01-12-2025 11:07:20